പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :428 27.02.2018 ലെ മറുപടിക്ക്

**ഭൂവസ്ത്രം ഉപയോഗിച്ച് കരകളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| കര തകർന്ന് ഗതിമാറി ഒഴുകുന്ന പുഴകളെ സംരക്ഷിക്കുന്നതിനും വൻതോതിലുള്ള കരയിടിച്ചിൽ തടയുന്നതിനും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗപ്പെടുത്തി കരകൾ സംരക്ഷിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ ? | കര തകർന്ന് ഗതിമാറി ഒഴുകുന്ന പുഴകളെ സംരക്ഷിക്കുന്നതിനും വൻതോതിലുള്ള കരയിടിച്ചിൽ തടയുന്നതിനും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗപ്പെടുത്തി കരകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്/ജല/സംരക്ഷണ പ്രോജക്ടുകളിലാണ് കരയിടിച്ചിൽ തടയുന്നതിന് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പ്രവർത്തികൾ നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നത് കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരാണ്. കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം, തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ് ജല-സംരക്ഷണ പ്രോജക്ടുകളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനും വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ